# കേരകൃഷി വികസനം സഹായമേറെ



കേരകൃഷി വികസനം, സാങ്കേതിക സഹായം, ഗവേഷണം, കയറ്റുമതി, സംസ്കരണം, വിപണനം, സാമ്പത്തികസഹായം, വിജ്ഞാനവ്യാപനം എന്നിവ ലക്ഷ്യമിട്ടാണ് നാളികേര വികസനബോർഡ് പ്രവർത്തിക്കുന്നത്.

## നഴ്സറി സ്ഥാപിക്കാൻ സഹായം

സ്വകാര്യമേഖലയിൽ നഴ്സറി സ്ഥാപിക്കാൻ 25 ശതമാനം ധനസഹായം പരമാവധി 2 ലക്ഷം രൂപ.

ചുരുങ്ങിയത് 25 സെന്റ് സ്ഥലത്ത് 6250 തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കുന്നതിന് 50,000 രൂപ. ഒരു ഏക്കറിൽ 25,000 രൂപ. തൈകൾ ഉത്പാദിപ്പിക്കാൻ 2 ലക്ഷം രൂപ. സ്വകാര്യ വ്യക്തികൾക്ക് മാതൃവൃക്ഷങ്ങളിൽ നിന്നുള്ള തെങ്ങിൻതൈ നട്ട് വിത്ത് തോട്ടം സ്ഥാപിക്കാൻ- 6 ലക്ഷം രൂപ.

## പുതുകൃഷി സഹായം

ചുരുങ്ങിയത് 25 സെന്റ് സ്ഥലമോ 10 തൈയോ (പരമാവധി- 4 ഹെക്ടർ) ഹെക്ടറിന് 8000 രൂപ നിരക്കിൽ 2 തുല്യ വാർഷികഗഡുക്കളായി സഹായം നൽകും.

## ജൈവവളയുണിറ്റിന് സഹായം.

ചെലവിന്റെ 50 ശതമാനം പരമാവധി 20,000 രൂപ ധനസഹായം നൽകും.

## കൊപ്രാ സംസ്കരണം

മികച്ച കൊപ്ര ഉണ്ടാക്കുന്നതിന് ഡ്രയർ സ്ഥാപിക്കുവാൻ വിലയുടെ 25 ശതമാനം പരമാവധി 10,000 രൂപ നൽകും.

## ദേശീയ കേര അവാർഡ്

കേരകൃഷി, ഉത്പന്നവികസനം, ഉത്പന്നം മെച്ചപ്പെടുത്തൽ, ഗുണനിലവാരം മെച്ചപ്പെടുത്തൽ, ഉത്പന്ന വൈവിധ്യവത്കരണം, വിപണനം, കേരവികസന പ്രവർത്തനം, തെങ്ങുകയറ്റം എന്നീ മേഖലകളിൽ മികവു തെളിയിച്ച വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി രണ്ടു വർഷത്തിലൊരിക്കൽ ദേശീയ അവാർഡ് നൽകും.

## സംസ്കരണയുണിറ്റിന് സഹായം

നാളികേരടെക്നോളജി മിഷനു കീഴിൽ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കാനും നവീകരിക്കാനും ധനസഹായം.

സംസ്കരണ യൂണിറ്റ് സ്ഥാപിക്കാൻ സഹായധനമായി പദ്ധതി ചെലവിന്റെ 25% നിരക്കിൽ 50 ലക്ഷത്തിൽ കവിയാത്ത തുക കുറഞ്ഞത് സഹായം.

സംസ്കരണ യൂണിറ്റ് സ്ഥാപിക്കാൻ സംരംഭകർ പദ്ധതിചെലവിന്റെ 40 ശതമാനമെങ്കിലും ബാങ്ക് വായ്പയായി എടുത്തിരിക്കണം. ഈ പദ്ധതിവഴി ആനുകൂല്യം ലഭിക്കുന്നതിനായി സംരംഭകർ തുടങ്ങുവാനുദ്ദേശിക്കുന്ന കേര വ്യവസായ സംരംഭത്തിന്റെ വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സഹകരണ ബാങ്കുകളോ ദേശസാൽകൃത ബാങ്കുകളോ മുഖേന ബാങ്കിന്റെ പദ്ധതി വിലയിരുത്തൽ റിപ്പോർട്ട് സഹിതം ബോർഡിൽ സമർപ്പിക്കണം.

നാളികേര മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് ധനസഹായം നൽകും.

വിപണി വികസനത്തിനായി പദ്ധതിചെലവിന്റെ 50 ശതമാനം നിരക്കിൽ വ്യക്തികൾക്ക് 10 ലക്ഷം രൂപയും സഹകരണ സ്ഥാപനങ്ങൾക്ക് പദ്ധതി ചെലവിന്റെ 100 ശതമാനം നിരക്കിൽ 25 ലക്ഷം രൂപയും പരമാവധി ധനസഹായം നൽകുന്നു.

**വിലാസം**

**നാളികേര വികസന ബോർഡ്**
**കേരഭവൻ, കൊച്ചി - 682011**
**ഫോൺ: 04842377266, 2377267**

## കേരോത്പാദക സംഘങ്ങൾ

കൃഷിയിൽ ശാസ്ത്രീയ രീതികളവലംബിച്ച് ഉത്പാദനം മെച്ചപ്പെടുത്തുന്നതോടൊപ്പം നാളികേര സംഭരണം, സംസ്കരണം, വിപണനം എന്നീ തലങ്ങളിൽ സൊസൈറ്റികൾ ഫലവത്തായ പങ്കുവഹിക്കുകയാണ് ഇവയുടെ ലക്ഷ്യം. ചുരുങ്ങിയത് കായ്ക്കുന്ന 10 തെങ്ങുകളെങ്കിലും സ്വന്തമായുള്ള കർഷകർക്ക് ഇതിൽ അംഗമാകാം. ശരാശരി 4000-5000 തെങ്ങുകളെങ്കിലും ഓരോ സി.പി.എസിന്റേയും പ്രവർത്തന പരിധിയിലുണ്ടാവണം. സംഘം നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രേഷൻ ഫീസായ 200 രൂപ എറണാകുളത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റിനൊപ്പം നിശ്ചിത അപേക്ഷ ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്.

## തെങ്ങ് പുനർനടീൽ

നാളികേര വികസന ബോർഡും സംസ്ഥാന കൃഷിവകുപ്പും സംയുക്തമായി തിരുവനന്തപുരം, കൊല്ലം, തൃശൂർ ജില്ലകളിൽ നടപ്പാക്കുന്നു. രോഗബാധിതവും പ്രായാധിക്യവുമുള്ള തെങ്ങുകൾ മുറിച്ചു മാറ്റാൻ ഹെക്ടറൊന്നിന് പരമാവധി 13,000 രൂപ, പുനരുദ്ധാരണത്തിന് ഹെക്ടറിന് 15,000 രൂപ; രണ്ട് വർഷത്തേക്ക്, പുനർനടീലിന് തൈ ഒന്നിന് 20 രൂപയും നൽകും.

## തെങ്ങുകളുടെ ചങ്ങാതിക്കൂട്ടം

യന്ത്രമുപയോഗിച്ച് തെങ്ങുകയറാൻ സന്നദ്ധരായ യുവതീയുവാക്കളെ പരിശീലിപ്പിക്കുന്ന നൂതന പദ്ധതി.■